**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1187** **10-10-2024 - ൽ മറുപടിയ്ക്ക്**

**പ്രധാന റോഡ് ശൃംഖലകൾ സംസ്ഥാനപാതയാക്കി ഉയർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വിവിധ ടൂറിസം കേന്ദ്രങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ, എയർപോർട്ടുകൾ എന്നിവിടങ്ങളിലേക്ക് എത്തുന്ന പ്രധാന റോഡ് ശൃംഖലകൾ സംസ്ഥാനപാതകളാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (എ) | ഓരോ റോഡിന്റെയും പ്രത്യേകതകൾ പരിശോധിച്ച് അവ സംസ്ഥാന പാതകളായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) | നിലവിൽ മേജർ ഡിസ്ട്രിക്ട് റോഡ് ആയി തുടരുന്നതും വളരെയധികം ട്രാഫിക് ഉള്ളതുമായ ഇത്തരം കണക്റ്റിവിറ്റികൾ കൂടുതൽ മെച്ചപ്പെട്ട നിലയിലേക്ക് ഉയർത്തി സംസ്ഥാന റോഡ് ശൃംഖലയുടെ ശരാശരി വേഗത ഉയർത്തുന്നതിന് പ്രത്യേകമായി നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | ഓരോ റോഡിന്റെയും പ്രത്യേകതകൾ പരിശോധിച്ച് അവ സംസ്ഥാന പാതകളായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | കേരളത്തിലെ സംസ്ഥാനപാതകളുടെ പരിപാലനത്തിനും പുതിയവയുടെ നിർമ്മാണത്തിനുമായി ഒരു സംസ്ഥാനപാതാ അതോറിറ്റി വിഭാഗം രൂപീകരിക്കുമോ; വിശദമാക്കുമോ? | (സി) | നിലവിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ പൊതുമരാമത്ത് നിരത്ത് വിഭാഗം, മെയിന്റനൻസ് വിഭാഗം, കേരള റോഡ് ഫണ്ട് ബോർഡ്, KSTP, RICK, പൊതുമരാമത്ത് ദേശീയപാത വിഭാഗം എന്നീ വിംഗുകൾ പ്രവർത്തിക്കുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് ഈ വിംഗുകളെ ഏകീകരിച്ച് പ്രവർത്തനം നടത്തുന്നതിനാൽ പ്രത്യേക അതോറിറ്റി പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ